File No.FWLD-F1/52/2017-FWLD

14483
26/7/18

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷന് കീഴിൽ കണ്ണോത്ത് സർക്കാർ ടിമ്പർ ഡിപ്പോയിൽ കാഷ്വൽ സ്വീപ്പറായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.അജിത എൻ.എസ് ഫയൽ ചെയ്ത ടി എ നം.6947/12-ലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30/01/2017-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

**സ.ഉ.(കൈ) നം.29/2018/വനം** തീയതി,തിരുവനന്തപുരം, 21/07/2018

പരാമർശം:- 1 25/11/2005 ലെ ജി ഒ (പി)നം.501/2005/ധന. നമ്പർ ഉത്തരവ്.

2 27/11/2007 ലെ ജി ഒ (ആർ ടി) നം.665/2007/വനം നമ്പർ ഉത്തരവ്.

3 ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ടി എ നം.6947/12(ഡബ്ല്യു പി (സി) നം.27971/2011) നമ്പർ കേസിലെ 30/01/2017 ലുള്ള അന്തിമ വിധി.

4 ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ OP(KAT) നം.101/18 മേലുള്ള 09/03/2018 ലെ അന്തിമ വിധി.

5 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 18.05.2017, 21.08.2017 എന്നീ തീയതികളിലെ ഇ2-15231/2004 നം.കത്ത്.

ഉത്തരവ്

വനം വകുപ്പിൽ കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷന് കീഴിൽ ഗവൺമെന്റ് ടിമ്പർ ഡിപ്പോയിൽ 2003 നവംബർ മുതൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തുവരുന്ന ശ്രീമതി.അജിത എൻ.എസ്, പരാമർശം ഒന്നിലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, തന്നെ സ്ഥിരപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.പരാമർശം ഒന്നിലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സ്ഥിരപ്പെടുത്തുന്നതിന് 100M2ഓ അതിലധികമോ സ്വീപ്പിംഗ് ഏരിയ ഉണ്ടായിരിക്കണം. അപേക്ഷക ഇതിലേക്കായി നൽകിയ അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് പ്രകാരം സ്വീപ്പിംഗ് ഏരിയ 101.24M2 ആണ്.എന്നാൽ ധനകാര്യ (പരിശോധന ടെക്നിക്കൽ) വിഭാഗം നടത്തിയ പരിശോധനയിൽ ടിയാൾ ജോലി ചെയ്തിരുന്ന ഓഫീസിൽ 95.59 M2 മാത്രമേ സ്വീപ്പിംഗ് ഏരിയ ഉള്ളൂ എന്ന് കണ്ടെത്തുകയും, ടി ഏരിയ 100M2-ൽ കുറവായതിനാൽ പരാമർശം രണ്ടു പ്രകാരം

ടിയാളുടെ അപേക്ഷ സർക്കാർ നിരസിക്കുകയും ചെയ്തു.

2. മേൽ ഉത്തരവിനെതിരെ ശ്രീമതി.അജിത ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ വീണ്ടും ഡബ്ല്യു പി (സി) നം.17976/2008 ആയി കേസ് ഫയൽ ചെയ്യുകയും, തുടർന്ന് പരാതിക്കാരി നിലവിൽ വൃത്തിയാക്കി വരുന്ന ഏരിയ, പരാതിക്കാരിയ്ക്ക് അറിയിപ്പ് നൽകിയ ശേഷം, അസിസ്റ്റന്റ് എഞ്ചിനിയർക്ക് മുകളിൽ റാങ്കുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തുന്നതിന് 18/08/2010 ൽ ബഹുമാനപ്പെട്ട കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 25/06/2011 -ന് തലശ്ശേരി സബ് ഡിവിഷൻ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ വീണ്ടും സ്വീപ്പിംഗ് ഏരിയ പരിശോധിക്കുകയും, ടി ബിൽഡിംഗിലെ സ്റ്റെപ്പ്, പ്ലാറ്റ് ഫോം, പുറകിലത്തെ സ്റ്റെപ്പ് ഉൾപ്പെടെ 100M2-ൽ കുറവാണെന്നും, അതായത് 99.60M2 ആണെന്ന് കണ്ടെത്തുകയുണ്ടായി.

3. തുടർന്ന്, ശ്രീമതി.അജിത വീണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു പി (സി) നം.27971/2011 ആയി കേസ് ഫയൽ ചെയ്യുകയും, ടി കേസ് പിന്നീട് തിരുവനന്തപുരത്തുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേയ്ക്ക് മാറ്റി, ടി എ നം.6947/12 ആയി പുനഃക്രമീകരിക്കുകയുമുണ്ടായി. പരാതിക്കാരിയുടെ ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം രണ്ടിലെ Ext P5 ഉത്തരവ റദ്ദാക്കുകയും, കണ്ണോത്ത് ഗവൺമെന്റ് ടിമ്പർ ഡിപ്പോയിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് ടി തസ്തികയിൽ പരാതിക്കാരിയെ പരാമർശം ഒന്നിലെ ഉത്തരവിന് വിധേയമായി, കോടതി ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനകം സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം മൂന്ന് പ്രകാരം ബഹുമാനപ്പെട്ട ട്രിബ്യൂണൽ മേൽ കേസ് തീർപ്പ കൽപിച്ചു.

4. ബഹു ട്രിബ്യൂണൽ പരാമർശം മൂന്നിലെ വിധിയ്ക്കെതിരെ സർക്കാർ OP (KAT)NO.101/2018 ആയി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തുവെങ്കിലും പ്രസ്തുത അപ്പീൽ പരാമർശം നാല് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി നിരസിക്കുകയും ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ പരാമർശം മൂന്നിലെ വിധി നടപ്പിലാക്കുന്നതിനായി രണ്ട് മാസത്തെ സമയം കൂടി അനുവദിക്കുകയുണ്ടായി.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തലശ്ശേരി പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ കണക്കാക്കിയ സ്റ്റെപ്പ്, പ്ലാറ്റ് ഫോം, പുറകിലത്തെ സ്റ്റെപ്പ് ഉൾപ്പെടെയുള്ള 99.60M2 സ്വീപ്പിംഗ് ഏരിയ എന്നുള്ളത്,0.60 എന്നത് പകുതിയേക്കാൾ കൂടുതലുള്ളതിനാൽ ഒന്നായി കണക്കാക്കാം എന്ന പൊതുതത്വപ്രകാരം സ്വീപ്പിംഗ് ഏരിയ 100M2 ആയി കണക്കാക്കാം എന്നതിനാൽ പരാതിക്കാരിയെ പരാമർശം ഒന്നിലെ ഉത്തരവിലെ ഖണ്ഡിക 8-ൽ പറഞ്ഞിരിക്കുന്ന തിയതി മുതൽ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ സാധിക്കും എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട കോടതി പരാമർശം മൂന്നിലെ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. കൂടാതെ ടി വിധിയ്ക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച അപ്പീൽ പരാമർശം നാല് പ്രകാരം

നിരസിക്കുകയും ചെയ്ത സാഹചര്യത്തിൽ പരാമർശം മൂന്നിലെ വിധി നടപ്പിലാക്കേണ്ടതുണ്ട്.

6 . മേൽ സാഹചര്യത്തിൽ കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷന് കീഴിൽ കണ്ണോത്ത് സർക്കാർ ടിമ്പർ ഡിപ്പോയിൽ, 99.60M2എന്ന സ്വീപ്പിംഗ് ഏരിയ 100M2 ആയി കണക്കാക്കിക്കൊണ്ട്, ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ശ്രീമതി.അജിത എൻ.എസിന്റെ താൽക്കാലിക സർവ്വീസ് പരാമർശം ഒന്നിലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ടിയാളെ താൽക്കാലിക അടിസ്ഥാനത്തിൽ ടി ഡിപ്പോയിൽ നിയമിച്ച തിയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തികൊണ്ടു ഉത്തരവാകുന്നു.

7. പരാമർശം 3ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം പാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പല് സെക്രട്ടറി

പകർപ്പ്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
ശ്രീമതി.അജിത എൻ.എസ് (APCCF (A) മുഖേന )
അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ്
[illegible] (ഇനം നം .2329 , തിയതി. 18.07.18)
വെബ് & ന്യൂമീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2018.07.23 15:19:22 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 18-07-2018

ഇനം നം: 2329

ഫയൽ നം.52/എഫ്1/2017/വനം.

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ കാഷ്വൽ സ്വീപ്പറായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി അജിത എൻ.എസ്. ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നം.27971/11-നെ തുടർന്നുള്ള ടി.എ. നം.6947/12-ലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30.01.2017-ലെ വിധി നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 52/ എഫ്1/ 2017/ വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ കാഷ്വൽ സ്വീപ്പറായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.അജിത എൻ.എസ് ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത ഡബ്ല്യു പി (സി) നം.27971/ 11- നെ തുടർന്നുള്ള ടി എ നം.6947/ 12- ലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30/ 01/ 2017 ലെ വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14/ 06/ 2018 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.പ്രവീൺ. എസ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. വേണു. വി |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 07.07.2018. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.07.2018. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13.07.2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17.07.2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ കാഷ്വൽ സ്വീപ്പറായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.അജിത എൻ.എസ്-നെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത ടി എ നം.6947/12-ലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30/01/2017 ലെ വിധി നടപ്പിലാക്കുന്നതാണ് കുറിപ്പിലെ വിഷയം.

2. ശ്രീമതി.അജിത എൻ.എസ് വനം വകുപ്പിൽ കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷന് കീഴിൽ ഗവൺമെന്റ് ടിമ്പർ ഡിപ്പോയിൽ കാഷ്വൽ സ്വീപ്പർ ആയി 600/-രൂപ പ്രതിമാസ ശമ്പളത്തിൽ 2003 നവംബർ മുതൽ ജോലി ചെയ്തു വരുകയാണ്. അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയ 101.24M$^2$ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് സഹിതം, 25/11/2005 ലെ ജി ഒ (പി) നം.501/2005/ധനം നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തന്നെ സ്ഥിരപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി.അജിത അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് ടി അപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിക്കുയുണ്ടായി. ഇതേ സമയം തന്നെ ടിയാളുടെ അപേക്ഷ പരിഗണിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ടിയാൾ ഡബ്ല്യൂ പി (സി) നം.10836/2007 ആയി ഒരു കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിലെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ടിയാളുടെ നിവേദനം സർക്കാർ പരിശോധിക്കുകയുണ്ടായി. 25/11/2005 ലെ ജി ഒ (പി) നം.501/2005/ധനം നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിലവിലെ കാഷ്വൽ സ്വീപ്പേഴ്സിന് അവരുടെ താൽക്കാലിക സർവ്വീസ് സ്ഥിരപ്പെടുത്തണമെങ്കിൽ 100 M$^2$ -റോ അതിൽ കൂടുതലോ സ്വീപ്പിംഗ്

ഏരിയ ആവശ്യമാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. പക്ഷേ ധനകാര്യ (പരിശോധന ടെക്നിക്കൽ) വിഭാഗം പരിശോധനയിൽ പരാതിക്കാരി ജോലി ചെയ്തിരുന്ന ഓഫീസിൽ 95.59 $M^2$ മാത്രമേ സ്വീപ്പിംഗ് ഏരിയ ഉള്ളു എന്ന് കണ്ടെത്തുകയും ടി ഏരിയ 100$M^2$-ൽ കുറവായതിനാൽ 27/11/2007 ലെ ജി ഒ (ആർ ടി) നം.665/2007/വനം നമ്പർ ഉത്തരവ് പ്രകാരം ടിയാളുടെ അപേക്ഷ സർക്കാർ നിരസിക്കുകയുണ്ടായി.

3. മേൽ ഉത്തരവിനെതിരെ ശ്രീമതി.അജിത ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ വീണ്ടും ഡബ്ല്യു പി (സി) നം.17976/2008 ആയി ഒരു കേസ് ഫയൽ ചെയ്തു. തുടർന്ന് പരാതിക്കാരി നിലവിൽ വൃത്തിയാക്കി വരുന്ന ഏരിയ, പരാതിക്കാരിയ്ക്ക് അറിയിപ്പ് നൽകിയ ശേഷം, അസിസ്റ്റന്റ് എഞ്ചിനിയർക്ക് മുകളിൽ റാങ്കുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തുന്നതിന് 18/08/2010 ൽ ബഹുമാനപ്പെട്ട കോടതി ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട കോടതിയുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25/06/2011 -ന് തലശ്ശേരി സബ് ഡിവിഷൻ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ വീണ്ടും സ്വീപ്പിംഗ് ഏരിയ പരിശോധിക്കുകയും, ടി ബിൽഡിംഗിലെ സ്റ്റെപ്പ്, പ്ലാറ്റ് ഫോം, പുറകിലത്തെ സ്റ്റെപ്പ് ഉൾപ്പെടെ 100$M^2$-ൽ കുറവാണെന്നും, അതായത് 99.60$M^2$ ആണെന്ന് കണ്ടെത്തുകയുണ്ടായി.

4. തുടർന്ന്, ശ്രീമതി.അജിത വീണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു പി (സി) നം.27971/2011 ആയി കേസ് ഫയൽ ചെയ്യുകയും, ടി കേസ് പിന്നീട് തിരുവനന്തപുരത്തുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേയ്ക്ക് മാറ്റി, ടി എ നം.6947/12 ആയി പുനഃക്രമീകരിക്കുകയുമുണ്ടായി. പരാതിക്കാരിയുടെ ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച Ext P5 ഉത്തരവ്

ജി.ഒ (ആർ ടി) നം. 665/2007/വനം തിയതി 27/11/2017 റദ്ദാക്കുകയും, കണ്ണോത്ത് ഗവൺമെന്റ് ടിമ്പർ ഡിപ്പോയിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് ടി തസ്തികയിൽ പരാതിക്കാരിയെ 25/11/2005 ലെ ജി ഒ (പി) നം.501/2005/ധനം നമ്പരിലെ ഉത്തരവുകൾക്ക് വിധേയമായി, കോടതി ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനകം സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ട് 30/01/2017-ൽ ബഹുമാനപ്പെട്ട ട്രിബ്യൂണൽ മേൽ കേസ് തീർപ്പ കൽപിച്ചു.

5. തലശ്ശേരി പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ കണക്കാക്കിയ സ്റ്റെപ്പ്, പ്ലാറ്റ് ഫോം, പുറകിലത്തെ സ്റ്റെപ്പ് ഉൾപ്പെടെയുള്ള 99.60$M^2$ എന്നുള്ളത് 100$M^2$-ആയി കണക്കാക്കാം എന്നും, 0.60 എന്നത് പകുതിയേക്കാൾ കൂടുതലുള്ളതിനാൽ ഒന്നായി കണക്കാക്കാം എന്നുള്ള രീതി ഇക്കാര്യത്തിൽ നടപ്പിലാക്കാൻ സാധിക്കും എന്നതിനാൽ തന്നെ പരാതിക്കാരിയെ ജി ഒ (പി) നം.501/2005/ധനം എന്ന ഉത്തരവിലെ ഖണ്ഡിക 8-ൽ പറഞ്ഞിരിക്കുന്ന തിയതി മുതൽ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ സാധിക്കും എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട കോടതി മേൽ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

6. ഇക്കാര്യത്തിലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"പ്രസ്തുത കേസിൽ അപ്പീൽ ഫയൽ ചെയ്യുവാൻ ഭരണ വകുപ്പിനെ ഉപദേശിക്കുന്നു. ."*

7. ഇക്കാര്യത്തിലുള്ള നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"Government have issued G.O.(P) 501/2005/Fin*

*dt 25.112005 in compliance with Division Bench judgement of the Hon'ble High Court in WA No 1864/04 and a batch of writ petitions. The above Government order is comprehensive in all aspects relating to the creation of posts of part-time sweepers and their regularisation. The Government Order contains a detailed guide line to be followed in such cases. It reflects the policy of Government in favour of part time sweepers also aimed to regularise a group of part-time sweepers based on sweeping area ie, in cases where sweeping area exceeded 100M2. The order of Administrative tribunal is found to be in violation of norms fixed by the Government regarding the regularisation of part-time sweepers, based on the above said division bench judgement and amounts to dilution of Government order prejudicial to the interest of the Government. Orders of this type are most likely to set a bad precedent and will certainly make huge financial liability to the Government. So Administrative Department may be informed that there is scope for appeal against the order of Hon'ble Kerala Administrative Tribunal in TA No 6947/2012 dated 30.01.2017."*

8. മേൽ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ടി എ നം.6947/12-ന്മേലുള്ള ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ 30/01/2017 ലെ വിധിയ്ക്കെതിരെ സർക്കാർ OP (KAT)NO.101/2018 ആയി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിരുന്നു. പക്ഷേ പ്രസ്തുത അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിരസിക്കുകയും ടി എ

നം.6947/12-മേലുള്ള ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ 30/01/2017 ലെ വിധി നടപ്പിലാക്കുന്നതിനായി രണ്ട് മാസത്തെ സമയം കൂടി അനുവദിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച കൊണ്ട് പരാതിക്കാരിയെ സ്ഥിരപ്പെടുത്തണം എന്ന ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുകയല്ലാതെ മറ്റൊരു വഴി സർക്കാരിന്റെ മുന്നിലില്ല.

9. ഈ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷന് കീഴിൽ കണ്ണോത്ത് സർക്കാർ ടിമ്പർ ഡിപ്പോയിൽ 99.60$M^2$ എന്ന സ്വീപ്പിംഗ് ഏരിയ 100$M^2$ ആയി കണക്കാക്കിക്കൊണ്ട് ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ശ്രീമതി.അജിത എൻ.എസിന്റെ താൽക്കാലിക സർവ്വീസ് 25/11/2005 ലെ ജി ഒ (പി) നം.501/2005/ധനം ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ടിയാളെ താൽക്കാലിക അടിസ്ഥാനത്തിൽ ടി ഡിപ്പോയിൽ നിയമിച്ച തിയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്താമോ?